# ലേബർ കമ്മീഷണറുടെ നടപടിക്രമം

**(സാന്നിദ്ധ്യം:എ അലക്സാണ്ടർ.ഐ.എ.എസ്)**

വിഷയം: തൊഴിൽ വകുപ്പ് – സ്ഥാപനകാര്യം – അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

വായന:
1. 21/07/2017 തീയതിയിലെ എൽ ബി ആർ ഡി–ഡി3/196/2017–എൽ ബി ആർ ഡി നമ്പർ സർക്കാർ കത്ത്
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07/08/2017 തീയതിയിലെ OA No 1536/17 നമ്പർ ഉത്തരവ്
3. ബഹു.കേരള ഹൈക്കോടതിയുടെ 20/06/2008 തീയതിയിലെ ഡബ്ല്യൂ.പി.സി.നമ്പർ 2106/2006(എ) ഉത്തരവ്
4. ബഹു.ലേബർകമ്മീഷണറുടെ 28/08/2018 തീയതിയിലെ ഇ(4)1236/18–ാം നമ്പർ നടപടിക്രമം
5. 28/07/2018 ലെ ഇന്റസ്ട്രിയൽ ട്രൈബ്യൂണലിന്റെ എ 1101/18–ാം നമ്പർ കത്തും സീനിയർ ക്ലാർക്ക് ശ്രീ.മനോജ് കുമാർ എസ് ന്റെ സത്യവാങ്മൂലവും
6. 05/09/2018 ലെ കോട്ടയം ജില്ലാ ലേബർ ഓഫീസറുടെ എ1–4110/2018 നമ്പർ കത്തും ശ്രീ.വിനീദ്.എസ് ന്റെ സത്യവാങ്മൂലവും.

---

**ഉത്തരവ് നമ്പർ ഇ(4) 357/18** **തിരുവനന്തപുരം,തീയതി: 13/09/2018**

---

അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ 6 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി വായന(1) കത്തിലെ സർക്കാർ നിർദ്ദേശ പ്രകാരം പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി ഒഴിവുകളിൽ പി.എസ്.സി അഡ്വൈസ് ചെയ്യുന്നത് വായന(2) ഉത്തരവിലൂടെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ട്. വായന(4) പ്രകാരം ശ്രീ.ജയപ്രകാശ് നാരായണന് പത്തനംതിട്ട പ്ലാന്റേഷൻ ഇൻസ്പെക്ടർ തസ്തികയിലേക്കും ശ്രീമതി.എം.ജയശ്രീയ്ക്ക് എറണാകുളം അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് I തസ്തികയിലേക്കും സ്ഥാനക്കയറ്റം അനുവദിച്ചതുവഴി രണ്ട് ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് താത്ക്കാലിക സ്ഥാനകയറ്റം നൽകണമെന്ന് വായന(5),(6) പ്രകാരം വകുപ്പിലെ സീനിയർ ക്ലാർക്ക് ശ്രീ മനോജ് കുമാർ എസ്, ശ്രീ.വിനീദ്.എസ് എന്നിവർ അപേക്ഷിക്കുകയും അഫിഡവിറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിൽ പി.എസ്.സി അഡ്വൈസ് ചെയ്യുമ്പോൾ ഇപ്പോൾ താത്ക്കാലിക സ്ഥാനകയറ്റം നൽകുന്നവർ ജൂനിയറായിരിക്കുകയും ഈ ഒഴിവിൽ പി.എസ്.സി അഡ്വൈസ് ചെയ്യുമ്പോൾ ഒഴിവില്ലാത്ത പക്ഷം സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് തരംതാഴ്ത്തുകയും ചെയ്യും എന്ന വ്യവസ്ഥ അംഗീകരിച്ചു കൊണ്ട് സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പ്രകാരവും, എക്സിക്യൂട്ടീവ് വിഭാഗം തെരഞ്ഞെടുത്തിട്ടുള്ള സീനിയർ ക്ലാർക്കുമാരിൽ സീനിയറായ വകുപ്പിലെ സീനിയർ ക്ലാർക്ക് ശ്രീ മനോജ് കുമാർ എസ്, ശ്രീ.വിനീദ്.എസ് എന്നിവർക്ക് താൽകാലിക സ്ഥാനക്കയറ്റം അനുവദിച്ച് ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുന്നു.

| സ്ഥാനക്കയറ്റം | | | |
|---|---|---|---|
| ക്രമ നം | പേര്,തസ്തിക, നിലവിലെ ഓഫീസ് | സ്ഥാനകയറ്റം നൽകി നിയമിക്കുന്ന ഓഫീസ് | റിമാർക്സ് |
| 1 | **ശ്രീ. വിനീദ്.എസ്.** സീനിയർ ക്ലാർക്ക് അസിസ്റ്റന്റ് ലേബർ ഓഫീസ് കോട്ടയം 2-ാം സർക്കിൾ, കോട്ടയം. | അസിസ്റ്റന്റ് ലേബർ ഓഫീസ് എറണാകുളം 1-ാം സർക്കിൾ | നിലവിലെ ഒഴിവിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |
| | **ശ്രീ മനോജ് കുമാർ എസ്,** സീനിയർ ക്ലാർക്ക് ഇന്റസ്ട്രിയൽ ട്രൈബ്യൂണൽ കൊല്ലം | അസിസ്റ്റന്റ് ലേബർ ഓഫീസ് പാലാ | പാല അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II ശ്രീമതി.എം.ജയശ്രീയ്ക്ക് എറണാകുളം ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചതുവഴിയുണ്ടായ ഒഴിവിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ആവശ്യമായ ചുമതലാക്രമീകരണം നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
**ലേബർ കമ്മീഷണർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ്സൈറ്റ്/ഇ മെയിൽമുഖാന്തിരം)

പകർപ്പ്:
1) അഡീഷണൽ ലേബർ കമ്മീഷണർ(ഇ, ഐ.ആർ, ഡബ്യൂ)
2) ലേബർ കമ്മീഷണറുടെ പി.എ
3) ജോയിന്റ് ലേബർ കമ്മീഷണർ (പി.)
4) ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ആസ്ഥാനം)
5) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
6) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ,കൊല്ലം,എറണാകുളം
7) ജില്ലാ ലേബർ ഓഫീസർ, എറണാകുളം കോട്ടയം
8) അസിസ്റ്റന്റ് ലേബർ ഓഫീസർ, കോട്ടയം 2-ാം സർക്കിൾ, കോട്ടയം, എറണാകുളം 1-ാം സർക്കിൾ, പാലാ
9) ഇന്റസ്ട്രിയൽ ട്രൈബ്യൂണൽ, കൊല്ലം.(ആമുഖകത്ത് സഹിതം)
10) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
11) സീനിയർ സൂപ്രണ്ട് (ഇ )
12) വെബ്സൈറ്റ്/ഫയൽ/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സീനിയർസൂപ്രണ്ട് (ഇ)**